GOVERNMENT OF KERALA

സംഗ്രഹം

തസ്വഭവ - 'മാലിന്യവിമുക്ത കേരളം' -സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ ഉദ്ഘാടനവും നടത്തിപ്പും - മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (കൈ) നമ്പർ 239/2011/തസ്വഭവ തീയതി, തിരുവനന്തപുരം 30/9/2011.

===================================================================

ഉത്തരവ്

മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വെച്ചു കൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ 2011 ഒക്ടോബർ മാസം രണ്ട് മുതൽ ഒരു വർഷക്കാലത്തേക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2011 ഒക്ടോബർ മാസം 2-ാം തീയതി കോട്ടയത്ത് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. തദവസരത്തിൽ ബഹു.ധനകാര്യ,നിയമ, ഭവനനിർമ്മാണ വകുപ്പു മന്ത്രിയും, ബഹു.വിജിലൻസ് വകുപ്പു മന്ത്രിയും പങ്കെടുക്കുന്നതാണ്. പ്രസ്തുത ക്യാമ്പയിന്റെ ഉദ്ഘാടനവും നടത്തിപ്പും സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്ഘാടന ചടങ്ങുകൾ 2011 ഒക്ടോബർ മാസം 2-ാം തീയതി എല്ലാ ജില്ലകളിലും നടത്തേണ്ടതാണ്. അതാത് ജില്ലകളിലെ ഉദ്ഘാടന ചടങ്ങുകൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജില്ലാകളക്ടർമാർക്കായിരിക്കും. ജില്ലാ കളക്ടർമാർ, ഉദ്ഘാടനചടങ്ങുകൾ വിവിധ ജില്ലകളിൽ ഉദ്ഘാടനം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന മന്ത്രിമാർ/പ്രതിപക്ഷനേതാവ്-മായി കൂടിയാലോചിച്ചു വേണം സംഘടിപ്പിക്കേണ്ടത്. എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ഉദ്ഘാടന പരിപാടിയിൽ ബന്ധപ്പെട്ട കോർപ്പറേഷൻ മേയർ/ആസ്ഥാനത്തുള്ള മുനിസിപ്പൽ ചെയർമാൻ സ്വാഗതം പറയേണ്ടതും, പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

| | |
|---|---|
| തിരുവനന്തപുരം | ശ്രീ.വി.എസ്.ശിവകുമാർ |
| കൊല്ലം | ശ്രീ.ഷിബു ബേബിജോൺ |
| പത്തനംതിട്ട | ശ്രീ. ബി.ഗണേശ്കുമാർ |
| ആലപ്പുഴ | ശ്രീ.കെ.ബാബു |
| ഇടുക്കി | ശ്രീ.പി.ജെ.ജോസഫ് |
| എറണാകുളം | ശ്രീ.ടി.എം.ജേക്കബ് |
| തൃശ്ശൂർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ |
| പാലക്കാട് | ശ്രീ.വി.എസ്.അച്യുതാനന്ദൻ |
| മലപ്പുറം | ശ്രീ.എ.പി.അനിൽകുമാർ |
| കോഴിക്കോട് | ഡോ.എം.കെ.മുനീർ |
| വയനാട് | കുമാരി.പി.കെ.ജയലക്ഷ്മി |
| കണ്ണൂർ | ശ്രീ.കെ.സി.ജോസഫ് |
| കാസറഗോഡ് | ശ്രീ.അടൂർ പ്രകാശ് |

ചടങ്ങിനോടനുബന്ധിച്ച് ഓരോ സ്ഥലത്തും പ്രതിജ്ഞ എടുക്കേണ്ടതും, തുടർന്ന് ആശുപത്രികൾ പോലുളള ഉചിതമായ പൊതുസ്ഥലങ്ങൾ തിരഞ്ഞെടുത്ത് എല്ലാവരുടെയും സഹകരണത്തോടെ ശുചീകരണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ട തുമാണ് ജില്ലകളിൽ ക്യാമ്പയിൻ നടത്തിപ്പിനെക്കുറിച്ച് ആലോചിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനെക്കുറിച്ച് സെപ്തംബർ 30-ാം തീയതിക്കു മുമ്പ് ആലോചനായോഗങ്ങൾ കൂടേണ്ടതാണ്.

2011 ഒക്ടോബർ 3 മുതൽ 9 വരെ നിയമസഭാ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ മാലിന്യമുക്ത കേരളം പരിപാടിയുടെ നടത്തിപ്പിന് ജില്ലാ കളക്ടർമാർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ പരിപാടിയുടെ ഉദ്ഘാടനം ബന്ധപ്പെട്ട എം.എൽ.എ നിർവ്വഹിക്കുന്നതാണ്.

2011 നവംബർ 1 മുതൽ 10 വരെ ഗ്രാമസഭകൂടെ പ്രത്യേക യോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതാണ്.

ഈ പരിപാടികളുടെ നടത്തിപ്പിനായി എം.പി.മാർ, എം.എൽ.എ മാർ ജില്ലാപഞ്ചായത്ത് പ്രസിഡന്റും എല്ലാ അംഗങ്ങളും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും, സെക്രട്ടറിയും, മേയർ/മുനിസിപ്പൽ ചെയർമാൻ, എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ഓരോ പ്രതിനിധി, പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർ മാരുടെയും ഓരോ പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ അപ്പെക്സ് ബോഡി യുടെ പ്രതിനിധി, വ്യാപാരി വ്യവസായി റോട്ടറി, ലയൺസ്, ജൂനിയർ ചേംമ്പേഴ്സ്, വൈ.എം.സി.എ, വൈ.ഡബ്ല്യു.സി.എ എന്നിവയുടെ പ്രതിനിധികൾ, കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റിന്റെ പ്രതിനിധി, എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുളള ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ജില്ലാതല കമ്മിറ്റികളുടെ ചെയർമാൻ ഓരോ ജില്ലകളുടെയും വികസനപ്രവർത്തനങ്ങളും, മറ്റ് പ്രധാന സ്കീമുകളും ഏകോപിപ്പിച്ചു നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുളള ചുവടെ കൊടുത്തിരിക്കുന്ന മന്ത്രിമാരായിരിക്കും.

| | |
|---|---|
| തിരുവനന്തപുരം | ശ്രീ.വി.എസ്.ശിവകുമാർ |
| കൊല്ലം | ശ്രീ.ഷിബു ബേബിജോൺ |
| പത്തനംതിട്ട | ശ്രീ.അടൂർ പ്രകാശ് |
| ആലപ്പുഴ | ശ്രീ. ബി.ഗണേഷ്കുമാർ |
| കോട്ടയം | ശ്രീ. കെ.എം.മാണി |
| ഇടുക്കി | ശ്രീ.പി.ജെ.ജോസഫ് |
| എറണാകുളം | ശ്രീ.ടി.എം.ജേക്കബ് |
| തൃശ്ശൂർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ |
| പാലക്കാട് | ശ്രീ.കെ.ബാബു |
| മലപ്പുറം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി |
| കോഴിക്കോട് | ഡോ.എം.കെ.മുനീർ |
| വയനാട് | കുമാരി.പി.കെ.ജയലക്ഷ്മി |

| | |
|---|---|
| കണ്ണൂർ | ശ്രീ.കെ.സി.ജോസഫ് |
| കാസറഗോഡ് | ശ്രീ.കെ.പി.മോഹനൻ |

നിയമസഭാ നിയോജകമണ്ഡലതലത്തിൽ ഈ പരിപാടികളുടെ നടത്തിപ്പിനായി ജില്ലാ തല കമ്മിറ്റിയുടെ അതേ ഘടനയിൽ എം.എ.എൽ-യെ ചെയർമാൻ ആക്കിക്കൊണ്ട് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജയിംസ് വർഗ്ഗീസ്.
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും.
ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക വ:കുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ
പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം 545 തീയതി 28/9/2011 പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ